കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭ - ഉറവിട മാലിന്യ സംസ്കരണ പദ്ധതി - പൈപ്പ് കമ്പോസ്റ്റ് പദ്ധതി - നടപ്പിലാക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയെ പൈപ്പുകൾ വാങ്ങുവാനായി ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

തദ്ദേശ സ്വയംഭരണ വകുപ്പ്(ഡിസി) വകുപ്പ്

സ.ഉ.(സാധാ)നമ്പർ 1627/2012/തസ്വഭവ. തീയതി, തിരുവനന്തപുരം 15/6/12.

=====================================================================

പരാമർശം: 1. സ.ഉ.(സാധാ) നമ്പർ 156/2012/ത.സ്വ.ഭ.വ. തീയതി 14.02.2012
2. സ.ഉ. (സാധാ) നമ്പർ 465/2012/ത.സ്വ.ഭ.വ. തീയതി 14.02.2012.
3. സ.ഉ. (സാധാ) നമ്പർ 1033/2012/ത.സ്വ.ഭ.വ. തീയതി 31.03.2012
4. സ.ഉ. (സാധാ) നമ്പർ 1370/2012/ത.സ്വ.ഭ.വ. തീയതി 17.05.2012
5. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14/06/2012-ലെ 1570/സി2/2008/എസ്.എം നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം നഗരസഭയിൽ ഉറവിട മാലിന്യ സംസ്കരണത്തിനായി പൈപ്പ് കമ്പോസ്റ്റ് പദ്ധതി നടപ്പിലാക്കുവാനായി പരാമർശം 1 പ്രകാരം നിരക്ക് അംഗീകരിച്ചും പരാമർശം 4 പ്രകാരം പുതുക്കിയ നിരക്ക് അനുവദിച്ചും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തിരുവനന്തപുരം നഗരത്തിലെ പൈപ്പ് കമ്പോസ്റ്റ് പദ്ധതി ശുചിത്വ മിഷന്റെ നേതൃത്വത്തിൽ ത്വരിതപ്പെടുത്താൻ നടപടികൾ കൈക്കൊള്ളാനും പദ്ധതി നടപ്പിലാക്കുന്നതിൽ പ്രധാനമായും വിഘാതമായി കണ്ടത് പൈപ്പുകൾ സ്വരൂപിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ആണെന്ന് വിലയിരുത്തിയതിന്റെ വെളിച്ചത്തിൽ ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ ഒരു അക്രഡിറ്റഡ് ഏജൻസി വഴി ഈ പദ്ധതി നടപ്പിലാക്കുന്നതിന് നഗരസഭയെ സഹായിക്കാനുള്ള നടപടികൾ കൈക്കൊള്ളാനും ഇതു സംബന്ധിച്ച് ഉന്നതതല യോഗത്തിൽ തീരുമാനിച്ചതിന്റെയടിസ്ഥാന ത്തിൽ സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ. എന്ന അക്രഡിറ്റഡ് ഏജൻസിയെ തിരുവനന്തപുരം നഗരസഭയെ ഇക്കാര്യത്തിൽ സഹായിക്കാൻ ചുമതലപ്പെടുത്താവുന്നതാണെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (5) പ്രകാരം ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതു പ്രകാരം പൈപ്പ് കമ്പോസ്റ്റ് പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഐ.എസ്.ഐ മാർക്കോടു കൂടിയ 200 മില്ലിമീറ്റർ വ്യാസമുള്ള പി.വി.സി പൈപ്പുകളും അവയുടെ അടപ്പുകളും സർക്കാർ അംഗീകൃത നിരക്കിൽ സ്വരൂപിച്ച് നൽകുന്നതിനുള്ള ചുമതല സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനെ ഏൽപ്പിക്കാൻ തിരുവനന്തപുരം നഗരസഭയെ ചുമതലപ്പെടുത്തുന്നു.

പൈപ്പ് വാങ്ങി നിശ്ചിത അളവിൽ മുറിച്ചു നൽകുക, അടപ്പുകൾ നിർമ്മിച്ചു നൽകുക, സാങ്കേതിക ഉപദേശം നൽകുക മുതലായ ചുമതലകൾ സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷനുണ്ടായിരിക്കും.

ഇത്തരത്തിൽ പൈപ്പും അവയുടെ അടപ്പുകളും ലഭ്യമാക്കുന്നതിന് വേണ്ടി വരുന്ന തുക അഡ്വാൻസായി സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷന്, ഇതിനായി നിക്കിവച്ച തുകയിൽ നിന്നും നൽകാൻ തിരുവനന്തപുരം നഗരസഭയ്ക്ക് അനുവാദം നൽകുന്നു. സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷനു നൽകേണ്ട പ്രതിഫലം പിന്നീടു നിശ്ചിയിക്കുന്നതായിരിക്കും. തിരുവനന്തപുരം നഗരസഭയുടെ ഈ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട സാങ്കേതിക സഹായങ്ങൾ നൽകാനും സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ പ്രവർത്തനങ്ങൾ വഴി അവരുടെ സഹായം നഗരസഭക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കാനും ശുചിത്വ മിഷനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു

ഗവർണറുടെ ഉത്തരവിൻപ്രകാരം

ജയിംസ് വർഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ.
എക്സിക്യൂട്ടീവ് ഡയറക്ടർ, സോഷ്യോ ഇക്കണോമിക് യൂണിറ്റ്ഫൗണ്ടേഷൻ
~~ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)~~
~~ഡ~~യറക്ടർ, ഐ.കെ.എം. തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A&E)/(LBA&A) കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (13.6.2012ലെ ഇനം നം. 1829 പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ